"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണം-ജീവനക്കാര്യം-കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റുമായ ശ്രീമതി.ജ്യോത്സന ലാലിന് കെ.എസ്.ആർ ഭാഗം I, ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2897/2025/LSGD  തീയതി,തിരുവനന്തപുരം, 01-12-2025

---

പരാമർശം:-
1. സർക്കുലർ നം. 36/94/ധന, തീയതി 14.06.1994.
2. ശ്രീമതി.ജ്യോത്സന ലാലിന്റെ 16.05.2025ലെ അവധി അപേക്ഷ.
3. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.09.2025ലെ LSGD/PD/24644/2025-DEF2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീമതി.ജ്യോത്സന ലാലിന് 06.07.2025 മുതൽ രണ്ട് വർഷത്തേക്ക് ടിയാളുടെ കുട്ടികളുടെ സംരക്ഷണാർത്ഥം മെഡിക്കൽ സർട്ടിഫിക്കറ്റിൻ മേൽ ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ശിപാർശ ചെയ്ത് സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം (1) സർക്കുലറിലെ ഖണ്ഡിക ii (a) പ്രകാരം വ്യക്തിപരമായ ആവശ്യങ്ങൾക്ക് ദീർഘനാൾ ശൂന്യവേതന അവധി അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും നവജാത ശിശുവിന്റെ പരിചരണാർത്ഥമാണ് അവധി ആവശ്യപ്പെട്ടിരിക്കുന്നത് എന്നതിനാൽ, കൊല്ലം ജില്ലയിലെ ഏരൂർ ഗ്രാമപഞ്ചായത്തിൽ 30/10/2019-ൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചതും, നിലവിൽ അഞ്ചൽ ബ്ലോക്ക് അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റുമായ ശ്രീമതി.ജ്യോത്സന ലാലിന്റെ ശൂന്യവേതനാവധി കാലയളവ് 03.09.2026 വരെയായി പരിമിതപ്പെടുത്തി, ടിയാൾക്ക് പ്രസവാവധിയുടെ തുടർച്ചയായുള്ള 06.07.2025 മുതൽ 03.09.2025 വരെയുള്ള 60 ദിവസ കാലയളവിൽ, കെ. എസ്.ആർ. ഭാഗം I, ചട്ടം 102 ന് ചുവടെയുള്ള പ്രോവിസോയുടെ ആനുകൂല്യം നൽകി ഈ കാലയളവ് ആർജ്ജിതാവധിക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിലും 04.09.2025 മുതൽ 03.09.2026 വരെ ടി കാലയളവ് ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ

സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ല എന്ന വ്യവസ്ഥയിലും കെ.എസ്.ആർ. ഭാഗം I. ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, കൊല്ലം(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
സെക്രട്ടറി, ഏരൂർ ഗ്രാമപഞ്ചായത്ത്, കൊല്ലം(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
അസിസ്റ്റന്റ് എഞ്ചിനീയർ, ബ്ലോക്ക് പഞ്ചായത്ത്, അഞ്ചൽ, കൊല്ലം(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീമതി.ജ്യോത്സന ലാൽ, ഓഫീസ് അറ്റൻഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, അഞ്ചൽ, കൊല്ലം(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ധന വകുപ്പ് (19.11.2025ലെ ഡെവ-1/231/2025/ധന നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ആൻഡ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.
ഓഫീസ് പകർപ്പ്/കരുതൽ ഫയൽ.(209/ഇപിഎ2/2025/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 01-12-2025 14:39:43
സെക്ഷൻ ഓഫീസർ